**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.283 — 3/4/2013 - ൽ മറുപടിയ്ക്ക്

## സുഗന്ധവ്യഞ്ജനങ്ങളുടെ വിലത്തകർച്ച

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>„ ജെയിംസ് മാത്യു<br>പ്രൊഫ. സി. രവീന്ദ്രനാഥ് | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സുഗന്ധവ്യഞ്ജനങ്ങൾക്ക് വിലത്തകർച്ച നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഏലം , ജാതി, ഗ്രാമ്പു കർഷകർ നേരിടുന്ന ഉല്പന്നവിലത്തകർച്ചയിൽ നിന്നും അവരെ രക്ഷിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനകൃഷി വകുപ്പ് നടപ്പിലാക്കുന്ന കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി പ്രകാരം നാണ്യവിളകളായ കുരുമുളക്, കൊക്കോ, കാപ്പി, അടയ്ക്കാ, ഇഞ്ചി, വാനില, ഏലം എന്നിവയ്ക്കുണ്ടാകുന്ന വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി സഹായധനം നൽകുന്നുണ്ട്. ഇതിനു പുറമെ സ്പൈസസ് ബോർഡും സുഗന്ധവ്യഞ്ജനങ്ങളുടെ വിലസ്ഥിരതയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നുണ്ട്. |
| (സി) അന്യസംസ്ഥാന വിപണികളിൽ ഇരട്ടിയിലധികം ഉപഭോക്തൃ വിലയുള്ള ഈ ഉല്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് പിന്നിൽ ഇടനിലക്കാരുടെ ഇടപെടൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ; | (സി) | വരൾച്ച, വർദ്ധിച്ച ഉല്പാദച്ചെലവ് എന്നിവ സുഗന്ധവ്യഞ്ജനങ്ങളുടെ ഉല്പന്ന വിലക്കുറവിന് കാരണമായിട്ടുണ്ട്. കൂടാതെ കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കുരുമുളക് കൊണ്ട് വരുന്നതും കേരളത്തിലെ മൂല്യ |

| | | | |
|---|---|---|---|
| | | | വർദ്ധിത നികുതി 5% ആയതിനാൽ ഒരു വിഭാഗം കർഷകർ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കുരുമുളക് കൊണ്ടു പോയി കച്ചവടം നടത്തുന്നതും വിലയിടിവിന് കാരണമായിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സ്പൈസസ് ബോർഡിന്റെ സഹായം ഇക്കാര്യത്തിൽ കർഷകർക്ക് ഏത് രീതിയിൽ ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ കർഷകർക്ക് സഹായം ലഭ്യമാക്കുവാൻ സ്പൈസസ് ബോർഡിന് പരിമിതികളുണ്ട്. |

**സെക്ഷൻ ഓഫീസർ**